"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2011-ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ - പിഴ നിരക്ക് പുതുക്കി നിശ്ചയിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ആർ.സി)വകുപ്പ്**

സ.ഉ.(സാധാ) നം.2226/2024/LSGD തീയതി,തിരുവനന്തപുരം, 16-11-2024

---

പരാമർശം:- 1. പ്രിൻസിപ്പൽ ഡയറക്ടറുടെ 12.08.2024-ലെ LSGD-33185/2023-AR5 നമ്പർ കത്ത്.

**ഉത്തരവ്**

2011-ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 11(4) പ്രകാരം യഥാസമയം ലൈസൻസ് പുതുക്കാത്തതിനു നിശ്ചയിച്ചിട്ടുള്ള പിഴ വളരെ ഉയർന്ന നിരക്കിലാണെന്നുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും, വ്യാപാരങ്ങളെയും വ്യവസായങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ആയത് പരിശോധിക്കാൻ തീരുമാനിക്കുകയും ചെയ്തു.

ഇത് സംബന്ധിച്ച പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. സർക്കാർ പ്രസ്തുത റിപ്പോർട്ട് വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ , ചട്ടം 11(4) 1-ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള സമയപരിധി അവസാനിച്ച ശേഷം, എന്നാൽ ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് മുമ്പ് ലൈസൻസ് പുതുക്കുന്നതിന് അപേക്ഷിക്കുന്ന സംഗതിയിൽ, 7-ാം ചട്ടപ്രകാരമുള്ള വാർഷിക ഫീസിന്റെ 10 ശതമാനം തുകയും, ലൈസൻസിന്റെ കാലാവധി അവസാനിച്ചതിന് ശേഷം, അത് പുതുക്കുന്നതിന് അപേക്ഷിക്കുന്ന സംഗതിയിൽ, ഒരു വർഷം വരെയുള്ള കാലതാമസത്തിന് വാർഷിക ഫീസിന്റെ 20 ശതമാനം തുകയും അതിൽ കൂടുതൽ വരുന്ന കാലയളവിലേക്ക് ഓരോ വർഷത്തേക്കും 25 ശതമാനം വീതവും അധിക ഫീസ് ഈടാക്കിക്കൊണ്ട്, ലൈസൻസ് പുതുക്കി നൽകുന്നതിന് ഉത്തരവാകുന്നു.

2011-ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 11(4) മേൽപ്പറഞ്ഞ പ്രകാരം ഭേദഗതി വരുത്തുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, തദ്ദേശ സ്വയംഭരണ(റൂറൽ/അർബൻ)വകുപ്പ്, തിരുവനന്തപുരം.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

എല്ലാ ജില്ലാ(റൂറൽ/അർബൻ)ജോയിന്റ് ഡയറക്ടർമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I/ഓഡിറ്റ് II), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ.
ഡയറക്ടർ, ഐ&പിആർഡി(വെബ് &ന്യൂമീഡിയ), തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി(തസ്വഭവ-ആർ.സി3/712/2024-തസ്വഭവ).

ഉത്തരവിൻ പ്രകാരം

Signed by
Pradeesh M.
Date: 16-11-2024 14:45:51

സെക്ഷൻ ഓഫീസർ